പതിമൂന്നാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2952      11/12/2014 ൽ മറുപടിയ്ക്ക്

# വൈക്കം മണ്ഡലത്തിലെ സ്കൂളുകളിൽ ശുചിമുറികൾ

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. കെ. അജിത് : | | ശ്രീ: പി.കെ. അബ്ദുറബ്ബ് (വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| എ) വൈക്കം നിയോജക മണ്ഡലത്തിലെ ഏതൊക്കെ ഹയർ സെക്കന്ററി ഹൈസ്കൂളുകളിലാണ് ശുചിമുറികൾ ഇല്ലാത്തതെന്ന് വ്യക്തമാക്കുമോ ; | (എ) | എല്ലാ ഹയർ സെക്കന്ററി സ്കൂളുകളിലും ശുചിമുറികൾ ഉണ്ട്. |
| ബി) ശുചിമുറികൾ ഇല്ലാത്ത സ്കൂളുകളിൽ ആയത് ഉറപ്പാക്കാൻ എന്തെല്ലാം നടപടികളാണ് സർക്കാർ സ്വീകരിക്കുന്നതെന്നും എന്നത്തോടെ യാഥാർത്ഥ്യമാക്കാൻ കഴിയുമെന്നും വ്യക്തമാക്കുമോ ; | (ബി) | ശുചിമുറികൾ കുറവുള്ള സ്കൂളുകൾക്ക് എസ്.എസ്.എ, ആർ.എം.എസ്.എ, എൽ.എസ്.ജി.ഡി, വിദ്യാഭ്യാസ വകുപ്പ് ഇവ മുഖാന്തിരം നിർമ്മാണം നടത്തുന്നതിന് ഫണ്ട് അനുവദിച്ചിട്ടുണ്ട്. പ്രാഥമിക സൗകര്യങ്ങളുടെ അഭാവം നേരിടുന്ന 220 ഗവൺമെന്റ് വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളുകളിൽ കുടിവെള്ള സൗകര്യം ലഭ്യമാക്കുന്നതിനും ടോയ്‌ലെറ്റുകളും യൂറിനലുകളും മറ്റും നിർമ്മിക്കുന്നതിനുമായി 2012-13 സാമ്പത്തിക വർഷത്തിന്റെ അവസാനം ആകെ 377 ലക്ഷം രൂപാ പ്ലാൻ ഫണ്ടിൽ നിന്ന് വൊക്കേഷണൽ ഹയർ സെക്കണ്ടറി വകുപ്പിന് അനുവദിക്കുകയുണ്ടായി. ടി പദ്ധതി നടപ്പാക്കുന്നതിനു വേണ്ടി ടി തുകയിൽ നിന്ന് എല്ലാ ജില്ലാ കളക്ടർമാർക്കും അതാത് ജില്ലയിലെ സ്കൂളുകൾക്ക് വേണ്ട തുകകൾ വകുപ്പ് റിലീസ് ചെയ്തിട്ടുണ്ട്. ആകെ 74 ഗവൺമെന്റ് വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളുകളിൽ ടി പ്രവൃത്തി പൂർത്തിയായിട്ടുണ്ട്. ബാക്കിയുള്ള 146 സ്കൂളുകളിൽ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചു വരുന്നു.<br>ഹയർ സെക്കന്ററി സ്കൂളുകളിൽ ആവശ്യാനുസരണം ശുചിമുറികൾ നിർമ്മിക്കുന്നതിനായി ബന്ധപ്പെട്ട തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് തുക നൽകിയിട്ടുണ്ട്. നിർമ്മാണ പ്രവർത്തനങ്ങൾ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളാണ് നടത്തുന്നത്. |

| | | | |
|---|---|---|---|
| സി) | ശുചിമുറികൾ പണിയുന്നതിനുവേണ്ടി റോട്ടറി, ലയൺസ് ക്ലബ്ബുകൾ ഉൾപ്പെടെയുള്ള സന്നദ്ധ സംഘടനകളെ പങ്കാളികളാക്കാനുള്ള നടപടികൾ സ്വീകരിക്കുമോ ? | (സി) | പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ